ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : സർ, ശ്രീ. സതീശ്ചന്ദ്രന്റെ നിയോജക മണ്ഡലത്തിലുള്ള വെസ്റ്റ് എള്ളേരി കുടിവെള്ള പദ്ധതിയിൽ കിണറും പമ്പ് ഹൗസിന്റെ 45% പണിയും പൂർത്തിയായിട്ടുണ്ട്. മറ്റ് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ശുദ്ധീകരണശാലയുടെ പണി ടെൻഡർ ചെയ്യുന്നതിനുള്ള എൻ.ഐ.റ്റി. സൂക്ഷ്മ പരിശോധനയിൽ കിണറും പമ്പ് ഹൗസും ഉൾക്കൊള്ളുന്ന ഭാഗം പാർഷ്യലായി കമ്മീഷൻ ചെയ്യാൻ പറ്റുമെന്നാണ് മനസ്സിലായത്. പത്ത് മാസത്തിനുള്ളിൽ അത് ചെയ്യാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് നീങ്ങുന്നത്. ഇതിന്റെ പ്രധാന വശം എൽ.ഐ.സി. ധനസഹായമാണ്. എൽ.ഐ.സി. ധനസഹായം, മൊത്തം ചെലവിനുള്ള തുക നമുക്ക് കിട്ടില്ല. 40% ലഭിക്കും. അവശേഷിക്കുന്ന 60% വാട്ടർ അതോറിറ്റിയുടെ ബഡ്ജറ്റിൽ ചാർജ്ജ് ചെയ്തുപോകണം. അതിന് സാമ്പത്തിക പരിമിതി ഉള്ളതുകൊണ്ടാണ് ഈ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്. എന്നാൽപ്പോലും ഈ പരിമിതിയുടെ മധ്യത്തിൽനിന്ന് മുന്നോട്ടു പോകാൻ പറ്റുമോ എന്ന് പരിശോധിക്കാം. അതോടൊപ്പംതന്നെ ആ പ്രദേശത്ത് വാട്ടർ അതോറിറ്റിക്ക് കൊടുക്കാനുള്ള കടംകൂടി തീർക്കാൻ അങ്ങ് മുൻകൈ എടുക്കണമെന്ന് അപേക്ഷിക്കുകയാണ്. ഞങ്ങൾ ഒൻപത് രൂപ വിലയ്ക്ക് ഉൽപ്പാദിപ്പിച്ച് മൂന്ന് രൂപയ്ക്കാണ് വിതരണം ചെയ്യുന്നത്. ഒരു കിലോ ലിറ്റർ വെള്ളം കൊടുക്കുമ്പോൾ ആറ് രൂപ നഷ്ടമാണ്. ഈ നഷ്ടപ്പെട്ട് കൊടുക്കുന്നതിൽത്തന്നെ കുറച്ച് ഡ്യൂസ് ഉണ്ടെങ്കിൽ അത് അടയ്ക്കാനുള്ള ക്രമീകരണം ചെയ്താൽ നന്നായിരിക്കും.

(16) 2002 മുതൽ പട്ടികജാതി/വർഗ്ഗ വകുപ്പ് നടപ്പിലാക്കിയ പരിശീലന കോഴ്സുകൾക്ക് അംഗീകാരമില്ലാത്തതിനാൽ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. വി. കെ. ചന്ദ്രൻ: സർ, പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 2002 മുതൽ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയ കംപ്യൂട്ടർ പരിശീലനത്തിന് ഇ.ടി.എൻ. ടി. എന്നു പറയുന്ന സ്ഥാപനത്തിന് അനുമതി നൽകുകയും അവിടെ പഠിക്കാത്ത കുട്ടികൾക്കുപോലും സർക്കാരിന്റെ തുക ഫീസായി നൽകി ദുരുപയോഗം ചെയ്ത് ഒട്രയിനിംഗ് പരിശീലനത്തിനും പി.ജി.ഡി.സി.എ. ഉൾപ്പെടെയുള്ള നിരവധി കോഴ്സുകൾക്ക് സർക്കാരിന്റെ അംഗീകാരമോ പ്രോജക്ട് റിപ്പോർട്ടുകളോ തയ്യാറാക്കാതെ ചില സ്ഥാപനങ്ങളെ അനുവദിച്ചതിന്റെ ഭാഗമായി കോടിക്കണക്കിന് രൂപ നഷ്ടപ്പെടുകയുണ്ടായി. അത് ഞാൻ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരിക്കൽ പറഞ്ഞതാണ്. ഇപ്പോൾ ഈ കാര്യത്തെക്കുറിച്ച് അന്വേഷിക്കുന്നതായി അറിയാൻ കഴിഞ്ഞു. ഈ സ്ഥാപനങ്ങളിൽ അന്ന് പഠിക്കാൻ ചേർന്ന കുട്ടികളുടെ എല്ലാവിധ സർട്ടിഫിക്കറ്റുകളും അധികൃതർ വാങ്ങിവച്ചു. ഇപ്പോൾ കേസും കോടിക്കണക്കിന് രൂപയുടെ അഴിമതിയും വന്നപ്പോൾ ഈ കുട്ടികൾക്ക് സർട്ടിഫിക്കറ്റ്

LIBRARY ARCHIVES Kerala Legislative Assembly

തിരികെ നൽകുന്നില്ല. ഇതിന്റെ ഫലമായി ഈ കുട്ടികൾക്ക് തുടർവിദ്യാഭ്യാസം നടത്താൻ കഴിയുന്നില്ല. കോഴ്സുകൾ പാതിവഴിയിൽ നിർത്തി. ഈ കോഴ്സുകൾ മറ്റ് സ്ഥാപനങ്ങളിൽ പോയി തുടരാൻ സർട്ടിഫിക്കറ്റ് കിട്ടാത്തതിന്റെ ഫലമായി കഴിയുന്നില്ല. മാത്രമല്ല, തൊഴിൽ പരിശീലനം പൂർത്തീകരിക്കപ്പെട്ട കുട്ടികൾക്ക് തൊഴിൽ ലഭ്യമാക്കാൻ സർട്ടിഫിക്കറ്റ് കിട്ടാത്തതിന്റെ ഫലമായി കഴിയുന്നില്ല. ഈ സ്ഥാപനങ്ങൾ കുട്ടികളുടെ സർട്ടിഫിക്കറ്റ് പിടിച്ചുവച്ചിരിക്കുന്നു. ഈ കുട്ടികളുടെ ഭാവി ഇരുളടഞ്ഞുപോകുന്ന അവസ്ഥയാണ്. പല കുട്ടികൾക്കും ഏജ് ഓവർ ആയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി ഈ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ഫണ്ട് ചോർന്നതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുകയും ചെയ്യാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കംപ്യൂട്ടർ പരിശീലനം നൽകണമെന്ന പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ നിർദ്ദേശമനുസരിച്ച് 2002-2003 വർഷത്തിൽ വിവിധ കംപ്യൂട്ടർ കോഴ്സുകൾ നടത്തുകയുണ്ടായി. ഇ.ടി.എൻ.ടി., ടി.ആർ.എൻ.ടി.സി., സി.-ഡാക് തുടങ്ങിയ കേന്ദ്ര ഗവൺമെന്റ് അംഗീകൃത ഏജൻസികളുടെ അംഗീകാരത്തോടെ നടന്നുവരുന്ന സ്ഥാപനങ്ങളെക്കുറിച്ച് പരിശോധിച്ചശേഷമാണ് കംപ്യൂട്ടർ കോഴ്സുകളുടെ പരിശീലനത്തിനായി സ്ഥാപനങ്ങൾ തെരഞ്ഞെടുത്തത്. കംപ്യൂട്ടർ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കാൻ പത്രങ്ങളിലൂടെ പരസ്യവും നൽകിയിരുന്നു. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന 48 സ്ഥാപനങ്ങളും 12,389 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും മേൽപ്പറഞ്ഞ കംപ്യൂട്ടർ പരിശീലന കോഴ്സുകൾക്ക് തെരഞ്ഞെടുത്തു. പരിശീലന നടത്തിപ്പിനെക്കുറിച്ച് ചില പരാതികൾ ഉയർന്നുവന്നതിനെത്തുടർന്ന് ഇതേക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ പ്രസ്തുത പരാതികളിൽ എന്തെങ്കിലും കഴമ്പുണ്ടോ എന്ന് വ്യക്തമാകുകയുള്ളൂ. ഈ സാഹചര്യത്തിൽ ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സി-ഡിറ്റ്-നെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് മുഖേന കംപ്യൂട്ടർ കോഴ്സ് നടത്താനുള്ള നോഡൽ ഏജൻസിയായി ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ മോഡൽ ഡ്രൈവിംഗ് സ്കൂളുകൾവഴി 3969 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൽ.എം.വി. ഓർ എച്ച്.എം.വി. ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം ഏർപ്പെടുത്തിയിരുന്നു. മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസും ബാഡ്ജും ലഭ്യമാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പരിശീലന പരിപാടിയായിരുന്നു പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ചുമതലയിൽ നടപ്പിലാക്കിയിരുന്നത്. വിജയകരമായി പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ലൈസൻസും ബാഡ്ജും ലഭ്യമാക്കിയിട്ടുണ്ട്.

സർ, അങ്ങു പറഞ്ഞതുപോലെ, പ്രൊഫഷണൽ കോഴ്സുകൾ യൂണിവേഴ്സിറ്റി അംഗീകൃത സ്ഥാപനങ്ങൾവഴിയാണ് നടപ്പിലാക്കുന്നത്. കൂടാതെ, പട്ടികജാതി വികസന വകുപ്പുകൾ നടത്തുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളായ ആട്ടോ ഇലക്ട്രീഷ്യൻ, റെഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ്, എക്സ്റേ വെൽഡിംഗ്, അലൂമിനിയം ഫാബ്രിക്കേഷൻ തുടങ്ങിയ ട്രേഡുകളിൽ ആറു മാസത്തേക്ക് പരിശീലനം നൽകുന്നതാണ്. ഇതിനായി പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ കൊല്ലം ഭരണിക്കാവ് സൺടെക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് ആന്റ് ടെക്നോളജിപോലുള്ള സ്ഥാപനങ്ങൾക്ക് അനുമതി നൽകിയെങ്കിലും പരാതികളെത്തുടർന്ന് കോഴ്സുകൾ ഇടയ്ക്കുവച്ച് നിർത്തിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. ഈ കോഴ്സുകൾക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾ പ്രവേശന സമയത്ത് ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കാത്ത സാഹചര്യമുണ്ടായപ്പോൾ സർക്കാർ ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇപ്പോൾ വിദ്യാർത്ഥികളുടെ ആവശ്യപ്രകാരം സർട്ടിഫിക്കറ്റുകൾ മടക്കിക്കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ കാര്യം ഗവണ്മെന്റ് ഒന്നുകൂടി എൻഷ്വർ ചെയ്യുന്നതാണെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു.

(17) ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രതിസന്ധി

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: സർ, സംസ്ഥാനത്തിനകത്തും പുറത്തും ഉന്നതപഠനം നടത്തുന്നതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികൾക്ക് ബാങ്ക് വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്നതുമൂലം പഠനം പ്രതിസന്ധിയിലാകുന്ന ഗുരുതരമായ പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. നാലു ലക്ഷം രൂപവരെ ഈട് കൂടാതെ വിദ്യാഭ്യാസവായ്പ നൽകാമെന്ന് റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിർദ്ദേശം ഉണ്ടായിട്ടും ഇന്നും പല ബാങ്കുകളും അതു പാലിക്കുന്നില്ല. നിയമസഭയിൽത്തന്നെ ശ്രീ. പി. ടി. തോമസ് കാളിംഗ് അറ്റൻഷൻ കൊണ്ടുവന്ന സമയത്ത് അതിന് വളരെ ശക്തമായ നിലപാട് സ്വീകരിക്കുമെന്ന് മുൻമുഖ്യമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തതാണ്. പക്ഷേ, എന്താണ് സംഭവിക്കുന്നത്? പാവപ്പെട്ട ആളുകൾ പഠനത്തിനുവേണ്ടി ലോൺ ചോദിച്ച് ചെല്ലുമ്പോൾ ബാങ്ക് മാനേജർമാർ നിഷ്കരുണം അതു നിഷേധിക്കുന്ന സാഹചര്യമാണ് ഉള്ളത്. എല്ലാ എം.എൽ.എ.-മാരും ഈ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെയടുത്ത് വന്നുപറയുമ്പോൾ നമ്മൾ ബാങ്കിൽ വിളിച്ചു പറയും, പക്ഷേ, ഒരു പരിഗണനയും ലഭിക്കുന്നില്ല. കടുത്തുരുത്തി എസ്.ബി.ടി. കുറേ ആളുകൾക്ക് ലോൺ

LIBRARY ARCHIVES Kerala Legislative Assembly